# പതിമൂന്നാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2397
# 18.7.2011 - ൽ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ വായ്പാ തുക എഴുതി തള്ളുന്നതിന് നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ വായ്പാ തുക എഴുതി തള്ളുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യഫെഡ് വഴിയും സഹകരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിൽ കടാശ്വാസം അനുവദിച്ച് സർക്കാർ 6.12.2010 ൽ സ.ഉ.(പി) 91/2010/മതുവ നമ്പർ ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് ടി പദ്ധതിയുടെ ഭാഗമായി 44,37,96,234/- രൂപ അനുവദിച്ചു നൽകുകയും ചെയ്തു. എന്നാൽ കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ഹൈക്കോടതിയിൽ ഡബ്ല്യു.പി (സി) 5465/2011 നം. ഹർജി ഫയൽ ചെയ്യുകയുണ്ടായി. ടി ഹർജിയിൽ തീർപ്പ് കല്പിച്ചിട്ടില്ലാത്തതിനാൽ ടി |

| | | | |
|---|---|---|---|
| | | | സംഘത്തിന്റെ ക്ലയിമായ 2,12,21,545/- രൂപ കഴിച്ച് ബാക്കി തുകയായ 42,25,74,689/- രൂപ വിവിധ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് അനുവദിക്കുകയും ടി തുക വിതരണം ചെയ്തുവരികയുമാണ്. തിരുവനന്തപുരം, ആലപ്പുഴ, കണ്ണൂർ, കോട്ടയം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ ക്ലയിം സംബന്ധിച്ച് വകുപ്പുതല പരിശോധന പൂർത്തിയായി വരികയാണ്. പരിശോധന പൂർത്തിയാക്കി ടി ജില്ലകളുടെ ക്ലയിം സർക്കാരിൽ സമർപ്പിക്കുന്ന മുറക്ക് ടി ജില്ലകൾക്കുള്ള ധനസഹായം അനുവദിക്കുന്നതാണ്. |
| (ബി) | ഈ ഇനത്തിൽ 31.3.2011 വരെ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ ഇനത്തിൽ 31.3.2011 വരെ 44,37,96,234/- രൂപ അനുവദിക്കുകയും ടി തുകയിൽ പരപ്പനങ്ങാടി സർവ്വീസ് സഹകരണ ബാങ്കിന്റെ ക്ലയിമായ 2,12,21,545/- രൂപ കഴിച്ച് ബാക്കി തുകയായ 42,25,74,689/- രൂപ 10.6.2011 ന് സംഘങ്ങൾക്ക് / ബാങ്കുകൾക്ക് അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവായിട്ടുണ്ട്. ടി. തുകയുടെ വിതരണം നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ